2. സ്റ്റേറേഡിയം പണിയുന്നതിനുള്ള ഭൂമിയിൻമേൽ സൊസൈറ്റിക്കു നിയമാനുസൃതമായ പരിപൂർണ്ണ അവകാശം ഉണ്ടായിരിക്കേണ്ടതും സ്റ്റേറേഡിയത്തിൻറെയും അനുബന്ധ സ്ഥലങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗത്തിൽ നിന്നുള്ള വരവിൻമേൽ സൊസൈറ്റിക്ക് പരമാധികാരം ഉണ്ടായിരിക്കേണ്ടതുമാണ്.

3. സൊസൈറ്റി 15 ശതമാനം പലിശ സഹിതം 1986 ഫെബ്രുവരി 1-ാം തീയതി തുടങ്ങി തുടരെയുള്ള നാല് അർദ്ധ വാർഷിക ഗഡുക്കളായി മുതലും പലിശയും ബോർഡിൽ തിരിച്ചടയ്ക്കേണ്ടതും 1987 ആഗസ്റ്റ് 1-ാം തീയതികൊണ്ട് തിരിച്ചടയ്ക്കൽ തീർക്കേണ്ടതുമാണ്.

4. മുതലിൻറേയോ, പലിശയുടെയോ ഏതെങ്കിലും സംഖ്യ നൽകുന്നതിനു വീഴ്ച വന്നാൽ ഓരോ പത്തു രൂപയ്ക്കും അതിൻറെ അംശത്തിനും പ്രതിദിവസം അര പൈസ എന്ന നിരക്കിൽ പിഴപ്പലിശ നൽകേണ്ടതാണ്.

5. സൊസൈറ്റി എടുക്കുന്ന മേൽപ്പടി വായ്പയും പലിശയും കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നതിനു സംസ്ഥാന ഗവൺമെൻറ് നിരുപാധികവും പൂർണ്ണവുമായ ഗ്യാരൻറി നൽകണം.

(ജി) 5-8-1985-ലെ ബോർഡു തീരുമാനപ്രകാരംബോർഡിൽ നിന്നും നേരിട്ട് സൊസൈറ്റിക്ക് വായ്പ നൽകേണ്ടതായി വന്നിട്ടില്ലാത്തതിനാൽ ഗവൺമെൻറ് ഗ്യാരൻറി നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

(എച്ച്) തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി കേരള സ്റ്റേറേറ് ഹൗസിംഗ് ബോർഡിനു കൊടുത്തിരിക്കുന്ന വായ്പയ്ക്കൊഴികെ ഉപചോദ്യം (സി) യ്ക്കുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗവൺമെൻറ് ഗ്യാരൻറിയിലാണ് വായ്പ നൽകിയിട്ടുള്ളത്.

ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി

95 [297] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകാര്യ മേഖലയിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ

96 [298] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഫാക്ടറികൾ ഏതെല്ലാമാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്;

(ബി) ഇതിൻറെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly